# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.11, February 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# Noah's Wife



Dr. P.C. Abraham

We have very little written information about this woman in the Bible, although that little is enough to challenge any house wife of any generation. Hers was a society corrupted to the core with moral decay, infested with filth and evil practices and unbridled wickedness. But Noah found grace (even better, Grace found Noah). The Lord certified Noah and his family, as righteous. They remained different and separated from the rest of their generation. They lived a life of non conformity to the world as stated in Rom. 12: 1, 2. No doubt, they should have paid a heavy price of isolation, intimidation and ridicule for their chosen life style.

She had a unique task of caring for her own family of eight and a large family of 72,000 live stocks: animals, reptiles and birds of all kinds. They all confined in an ark for over one year, without knowing where the ark will take them to or how long the voyage will last or what their future would be. She had unlimited load of responsibilities in the ark for an undefined time frame. She was on duty 24x7 with no replacement or reliever.

**1. Noah obeyed God; Mrs. Noah accepted his leadership and followed her husband, fully trusting God. Gen. 7: 1, 7**

Moving the house is a stressful experience, especially when you are leaving most of your belongings of a life time behind, never to see them again. In such situations, the most affected in the family would be the house wife. Mrs. Noah had to undergo similar ordeal when she was shifted to the ark. She accepted the challenge, managed the stress well. She might have asked her husband many perplexing questions:

- "Are you sure God had asked you to do this crazy thing, unheard of: To build an ark of the size of a football pitch and the height of a four storey building? Have you studied naval architecture? Do you have any experience in ship building? Is it going to float?
- "The ship building takes place in docks or at the edge of the sea. Here there is no sea anywhere around. How this is going to float? Do you think the sea would rise up and come to you?"
- "All the people that visit the work site are making fun of us. Shall we quit?"
- "How long will it take to build this ship?"
- "What do you mean by rain and flood? I have never seen one in my life?"

To questions like these and many more, Noah had only one answer: "I don't know, my dear. I am just obeying the lord who asked me to take up this project. I trust him. He knows what he is doing. He knows me and I know him. His ways are far above ours." Because she was a godly woman and that she trusted her man, she was OK with that answer. She didn't pester him.

.....Continued on Page 11

# പിതാവിന്റെ കരം



പാസ്റ്റർ വിനിൽ സി. ജോസഫ്

ഒരു പിതാവും മകനും കൂടി തിരക്കേറിയ ഒരു ഉത്സവപറമ്പിലൂടെ നടന്നു നീങ്ങുകയായിരുന്നു. കുട്ടികളെ ആകർഷിക്കുന്ന കൗതുക വസ്തുക്കളും കളിപ്പാട്ടങ്ങളും വിൽക്കുന്ന ധാരാളം കച്ചവടക്കാരെക്കൊണ്ട് ആ ഉത്സവപറമ്പ് നിറഞ്ഞിരുന്നു. എന്നാൽ ഈ ഉത്സവപറമ്പിൽ നിന്നും യാതൊരു കളിപ്പാട്ടവും മേടിച്ചു നൽകുകയില്ലെന്ന് പിതാവ് മകനോട് പറഞ്ഞിരുന്നു. എന്നാൽ കണ്ണിന് ആകർഷകമായ പല കളിപ്പാട്ടങ്ങളിലും അവന്റെ കണ്ണ് പതിഞ്ഞു. പലതിനേയും അവൻ തൊട്ടുനോക്കി. ഈ സമയം ജനങ്ങളുടെ തിരക്ക് വർദ്ധിച്ചതിനാൽ പിതാവിന്റെ കൈയ്യിൽ നിന്നും പിടിവിട്ട് ജനകൂട്ടത്തിനടയിൽ അകപ്പെട്ടുപ്പോയി.

പിതാവിന്റെ സാന്നിധ്യം നഷ്ടപ്പെട്ടപ്പോൾ അവൻ കരയാൻ ആരംഭിച്ചു. അവന്റെ കരച്ചിൽ അകറ്റുവാൻ പലരും കളിപ്പാട്ടങ്ങളും കൗതുക വസ്തുക്കളും മേടിച്ചു കൊടുത്തു. മുമ്പ് അവൻ ആഗ്രഹിച്ചതൊക്കെ അവന് കിട്ടി. എന്നാൽ അതെല്ലാം ഉണ്ടായിട്ടും അവന് തൃപ്തി വന്നില്ല. അവന്റെ കരങ്ങളിൽ പിടിച്ചിരുന്ന പിതാവിന്റെ കരുത്തുള്ള കരങ്ങളുടെ അസാന്നിധ്യം അവനെ വേദനിപ്പിച്ചതിനാൽ അവൻ ഇടവിടാതെ കരഞ്ഞുകൊണ്ടിരുന്നു. പിതാവിനെ കണ്ടെത്തുംവരെ അവൻ അസ്വസ്ഥനായിരുന്നു.

ദൈവത്തിന്റെ കരങ്ങളിൽ പിടിച്ചു കൊണ്ട് ജീവിതയാത്ര നടത്തിയ പലരും അവന്റെ കരംവിട്ടു പ്രശംസയുടേയും പ്രശസ്തിയുടേയും പണത്തിന്റേയും തിരക്കുകൾക്കിടയിൽ അറിയാതെ അകപ്പെട്ട് ദൈവകരങ്ങളിൽ നിന്ന് പിടിവിട്ടിട്ടുണ്ട്. മുന്തിരിവള്ളി തളിർക്കുകയും മാതളനാരകം പൂക്കുകയും ചെയ്തുവോ എന്ന് നോക്കുവാൻ അക്രോത്ത് തോട്ടിലേക്ക് ഇറങ്ങിപ്പോയ ശൂലേംകാരത്തി അവളുടെ അഭിലാഷം ഹേതുവായി പ്രഭുജനത്തിന്റെ രഥങ്ങളുടെ ഇടയിൽ എത്തി. അതെ ദൈവം നൽകിയ ദർശനപ്രകാരം മുന്തിരിവള്ളിയെ(സഭ) സന്ദർശിക്കാൻ പോയ പലരും ഇന്ന് ലോകത്തിന്റെ മോഹങ്ങളാകുന്ന രഥങ്ങൾക്കിടയിൽ നിൽക്കുകയല്ലേ ? അരുമനാഥന്റെ കരങ്ങൾ പലരും വിട്ടിട്ട് എത്രകാലമായി ? അവന്റെ കൈയ്യിൽ പിടിച്ചു നടന്നിരുന്ന കാലത്ത് ഇല്ലാതിരുന്ന പലതും ഇന്ന് സ്വന്തമായി. പണവും, പ്രശസ്തിയും, വീടും, തോട്ടങ്ങളും മറ്റു പലതും. എന്നാൽ മോശെ പറഞ്ഞതുപോലെ തേനും പാലും ഒഴുകുന്ന കനാനിനേക്കാൾ ദൈവസാനിധ്യമാണ് എനിക്ക് വലുതെന്ന് പറവാൻ ആഗ്രഹിക്കുന്നവർ എത്രപേരുണ്ട് ?

നല്ല ശിഷ്യത്വത്തിൽ തുടങ്ങിയ ഗേഹസിയും ദേമാസും ആഖാനും ലോകമോഹത്തിൽ കുടിങ്ങിയില്ലേ? വിശ്വാസ വീരന്മാരുടെ പട്ടികയിൽ വരേണ്ട പലരും വിശ്വാസം വിട്ടുപോയില്ലേ ? കോടികൾ മുടക്കി ചർച്ച് പണിത ശലോമോൻ ലോകമയത്തിൽ അകപ്പെട്ടല്ലോ. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക, നിത്യജീവനെ പിടിച്ചുകൊൾക (1 തിമൊ.6:11,12).

പ്രിയ സുഹൃത്തേ, ദൈവത്തിന്റെ കരങ്ങളിൽ മുറുകെ പിടിച്ച് ജീവിതയാത്ര നയിക്കുക. ലോകമോഹങ്ങൾ നിന്റെ വിരുത് തെറ്റിക്കുവാൻ അനുവദിക്കാതിരിക്കുക. ദൈവത്തിന്റെ പ്രസാദമാർജ്ജിക്കുക എന്നത് മുഴുലോകത്തേയും സ്വന്തമാക്കുന്നതിലും ശ്രേഷ്ഠമായ ഒരനുഭവമാണെന്ന് മനസിലാക്കുക.

## HH കുഞ്ഞാപ്പി & ജന്നാമ്മ

ഡിലീറ്റ് ഫോർ എവരിവൺ എന്ന ഓപ്ഷനിൽ ദൈവത്തെക്കൂടെ ഉൾപ്പെടുത്താനാകുമോ ?

നേരുള്ളവനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അനേക സൂത്രങ്ങളെ കണ്ടുപിടിക്കുന്നു.



# നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ !

## EDITORIAL



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

മരണം വലിയ ശക്തിയായി പ്രവർത്തിക്കുകയും വാഴുകയും ചെയ്യുന്ന ലോകത്തിൽ നാം വസിക്കുന്നു. എല്ലാ ദിവസവും എല്ലായിടത്തും എല്ലാവരും അതിനാൽ ചുറ്റപ്പെട്ടിരിക്കയാണ്. പിശാചിനെപ്പോലെതന്നെ മരണവും തുടരുന്നു. പക്ഷേ കാൽവറി ഇന്നും ഒരു പൂർണ്ണവിജയം ആയി നിലനിൽക്കുന്നു. ഇത് ഓർമ്മയിലിരിക്കട്ടെ. ലോകം ജഡം പിശാച് എന്നിവ നമ്മിലുള്ള വെളിച്ചത്തിന്റെ വിജയകരമായ വെളിപ്പെടുത്തലും അതിന്റെ ശക്തിയുടെ പൂർണ്ണമായ പ്രകാശനവും നടക്കാതിരിക്കാൻ വേണ്ടി പോരാടുകയാണ്. നമ്മുടെ പ്രശ്നം നമുക്ക് വെളിച്ചം ഉണ്ടായിരിക്കെ അതൊരിക്കലും പ്രകാശിക്കുന്നില്ല എന്നുള്ളതാണ്. ദൈവത്തിന്റെ വ്യവസ്ഥ പ്രകാരം നാം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവീക വെളിച്ചം പ്രകാശിപ്പിക്കുകയും അതിന്റെ മൂല്യങ്ങളുടെ വലിയ സാദ്ധ്യതകളെ കണ്ടെത്തുകയും വേണം.


വെളിച്ചം പൂർണ്ണമായി പ്രകാശിക്കുവാൻ ക്രിസ്തുവിന്റെ കർത്തൃത്വവും പുനരുത്ഥാനവും അല്ലാതെ മറ്റൊന്നില്ല. അവസാനത്തെ ആദാം ജിവിപ്പിക്കുന്ന ആത്മാവായി. വെളിച്ചം സ്വയം വെളിപ്പെടുത്തുന്നു മാത്രമല്ല മറ്റുള്ളവരിലേക്ക് പ്രസരിക്കുന്നു. ഇതാണ് വെളിച്ചത്തിന്റെ പ്രത്യേകത. യേശുക്രിസ്തു ജീവിച്ചിരിക്കുന്നു എന്ന് അവന്റെ ജനം തെളിയിക്കുന്നത് അവർക്ക് നൽകിയിരിക്കുന്ന വെളിച്ചം പ്രകാശിക്കുമ്പോഴാണ്. സഭയുടെ വിശ്വാസപ്രമാണങ്ങൾ കൊണ്ട് യേശുക്രിസ്തു ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കാനാവില്ല. ഈ വിശ്വാസ പ്രമാണങ്ങൾ തന്നെ, ശരിയെന്ന് തെളിയിക്കപ്പെടുന്നത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വെളിച്ചത്തിന്റെ പകാശനം മൂലമാണ്.

അത് നമ്മിലുണ്ട്. പക്ഷേ നമ്മുടെ ചുറ്റും ഉള്ളവർക്ക് നാം അത് വെളിപ്പെടുത്തുന്നില്ല. എന്നാൽ ഈ വെളിച്ചത്തിന്റെ പ്രവർത്തന സമ്പ്രദായം കണ്ടെത്തുക, സ്വായത്തമാക്കുക, അതിന്റെ അർത്ഥവും വിശേഷതകളും അനുസരിച്ച് ജീവിക്കുക എന്നതാണ് പരമപ്രധാനമായ കാര്യം. ഓരോ വിശ്വാസിയും ഇത് അറിഞ്ഞിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നമ്മിലുള്ള വെളിച്ചത്തോടുകൂടെ എന്തെങ്കിലും കൂട്ടിച്ചേർക്കണമെന്ന് നാം ചിന്തിക്കാറുണ്ട്. എന്നാൽ നമുക്ക് എന്താണുള്ളത് എന്ന് കണ്ടുപിടിച്ച് അതിന് അനുസരിച്ച് ജീവിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. യഥാർത്ഥത്തിൽ നമുക്ക് കൂടുതൽ വെളിച്ചം ലഭിക്കുന്നതിനേക്കാൾ, വെളിച്ചത്തിന് നമ്മെക്കൂടുതൽ ലഭിക്കുക എന്നതാണ് ആവശ്യം. അപ്പോഴാണ് നിങ്ങളുടെ വെളിച്ചം പ്രാകാശിക്കട്ടെ എന്ന കർത്താവിന്റ ആഗ്രഹത്തിന് ഫലമുണ്ടാകുന്നത്.

വെളിച്ചം നമ്മിൽ പ്രകാശിക്കുമ്പോൾ, മറ്റുള്ളവർ നമ്മിൽ അത് കാണുമ്പോൾ നാം പ്രഖ്യാപിക്കുന്ന കാര്യങ്ങളുടെ വ്യക്തമായ തെളിവുകളായി നാം തന്നെ മാറുന്നു. ഈ വെളിച്ചം യേശുക്രിസ്തുവിന്റെ പുനരുത്ഥാനം, കർത്തൃത്വം എന്ന് സാക്ഷ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ സാക്ഷ്യമെന്നത് കുറെ യാഥാർത്ഥ്യങ്ങളുടെ സമുച്ചയങ്ങളേക്കാൾ ഉപരിയായി ഇരുളിനെ കീഴടക്കുന്ന വെളിച്ചത്തിന്റെ ശക്തിയാണ്. ഇരുട്ടിന്റെ ശക്തിയും വെളിച്ചത്തിന്റെ ശക്തിയും തമ്മിലുള്ള യുദ്ധം. അത് ദിനംതോറും ശക്തിപ്പെടുന്ന യുദ്ധമാണ്. അതിനാൽ നാം ഇത് ശരിയായി മനസിലാക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥനയുടെ ബലത്തിൽ നാം നമ്മിലുള്ള വെളിച്ചത്തെ പ്രാകാശിപ്പിക്കണം. ശത്രുവിന് നമ്മെ വാഗ്വാദങ്ങളിലോ ചോദ്യങ്ങളിലോ തളച്ചിടാൻ കഴിഞ്ഞാൽ നമുക്ക് ഒരിക്കലും നമ്മിലുള്ള വെളിച്ചത്തെ പ്രകാശിപ്പിക്കാൻ കഴിയുകയില്ല. നമ്മിലുള്ള വെളിച്ചത്തെ തകർക്കാൻ ശ്രമിക്കുന്ന എല്ലാറ്റിനേയും നാം ആത്മാവിൽ ഉണർന്ന്, കർത്താവിന്റെ നാമത്തിൽ ചെറുത്തു നിൽക്കണം. അങ്ങനെ പ്രാർത്ഥിക്കാൻ പഠിക്കാതെ ഒരിക്കലും നമുക്ക് രക്ഷപ്പെടാൻ കഴിയുകയില്ല. കർത്താവ് നൽകിയ വെളിച്ചം കെട്ടുപോകാതെ നമ്മിൽ പ്രകാശിക്കാൻ സർവ്വശക്തൻ സഹായിക്കട്ടെ!

## കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ



മൂന്നു പതിറ്റാണ്ടിലേറെ
ഇന്ത്യ പെന്തകോസ്ത് സഭക്ക്
നേതൃത്വം നൽകിയ
അനുഗ്രഹീതനായ
കർത്തൃദാസൻ
**പാസ്റ്റർ ടി. എസ്. എബ്രഹാം**
കർത്താവിൽ നിദ്ര പ്രാപിച്ചു.

1925–ൽ പാസ്റ്റർ കെ ഇ എബ്രഹാം അന്നമ്മ ദമ്പതികളുടെ പുത്രനായ ജനിച്ച പാസ്റ്റർ ടി എസ് എബ്രഹാം ആലുവ യുസി കോളേജിൽ വിദ്യാർത്ഥി ആയിരിക്കേ 1947–ൽ ഇൻഡ്യൻ പെന്തക്കോസ്തൽ സഭയുടെ യുവജന പ്രസ്ഥാനം (PYPA) രൂപികരിക്കുന്നതിൽ നേതൃത്വം വഹിച്ചു. അമേരിക്കയിലെ ദൈവശാസ്ത്രപഠനത്തിനു ശേഷം 1953 മുതൽ രണ്ടു പതിറ്റാണ്ടുകാലം ആന്ധ്രാപ്രദേശിൽ സുവിശേഷകനായി. 1973 –ൽ കേരളത്തിലേക്ക് മടങ്ങിയെത്തി. തുടർന്ന് സഭയുടെ വിവിധ സുപ്രധാന ചുമതലകളിൽ ദീർഘകാലം മാതൃകപരമായി സേവനം അനുഷ്ഠിച്ചു.

മക്കൾ :ഡോ.റ്റി.വത്സൻ എബ്രഹാം, ആനി ജേക്കബ്, സ്റ്റർലാ ലൂക്ക്, ഷേർളി ചാക്കോ.
മരുമക്കൾ: ലാലി എബ്രഹാം, ജേക്കബ് തോമസ്, മേജർ ലൂക്ക്, വിജയ് ചാക്കോ.


ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!

Contact:
+973 33552886


## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിൽ ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.


“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
–എഡിറ്റർ–
Views and opinions expressed in various articles and features in “Hello Hope” are only of the writers and not necessarily of the publishers.
-Editor-


നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:


Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
17877171




# ദൈവശ്വാസീയം ബൈബിൾ... 5



പാസ്റ്റർ റ്റി.റ്റി. തോമസ്

'എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു'... 2 തിമൊ.3:16 . ദൈവശ്വാസീയം എന്നുപറഞ്ഞാൽ ദൈവം തന്നെ തന്റെ പരിശുദ്ധാത്മാവിലൂടെ പഴയനിയമ കാലത്ത് ജീവിച്ചിരുന്ന വിശുദ്ധരോട് എന്ത് എഴുതണം എന്നു പറഞ്ഞുകൊടുത്തു എന്നർത്ഥം. അങ്ങനെ എഴുതിയതിനാൽ വേദപുസ്തകം ദൈവത്തിന്റെ വചനമാണ്. ദൈവം എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള സർവ്വശക്തനാണ്.




വേദപുസ്തകത്തിൽ ദൈവം എഴുതിയതായി പലയിടങ്ങളിൽ കാണാൻ കഴിയും. ' അവൻ സീനായി പർവ്വതത്തിൽവെച്ചു മോശെയോടു അരുളിചെയ്തു കഴിഞ്ഞശേഷം ദൈവത്തിന്റെ വിരൽകൊണ്ടു എഴുതിയ കല്പലകളായ സാക്ഷ്യപലക രണ്ടും അവന്റെ പക്കൽ കൊടുത്തു' - പുറ.31:18

'പലക ദൈവത്തിന്റെ പണിയും പലകയിൽ പതിഞ്ഞ എഴുത്തു ദൈവത്തിന്റെ എഴുത്തും ആയിരുന്നു' - പുറ.32:16

'തൽക്ഷണം ഒരു മനുഷ്യന്റെ കൈവിരലുകൾ പുറപ്പെട്ടു വിളക്കിന്നു നേരെ രാജധാനിയുടെ ചുവരിന്റെ വെള്ളമേൽ എഴുതി. എഴുതിയ കൈപ്പത്തി രാജാവു കണ്ടു' - ദാനി.5:5

'ആകയാൽ അവൻ ആ കൈപ്പത്തി അയച്ചു ഈ എഴുത്തു എഴുതിച്ചു, എഴുതിയിരിക്കുന്ന എഴുത്തോ: മെനേ, മെനേ, തെക്കേൽ, ഊഫർസീൻ' - ദാനി.5:24-25.

മെനേ എന്നുവെച്ചാൽ : ദൈവം നിന്റെ രാജത്വം എണ്ണി, അതിന്നു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ: തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. പെറേസ് എന്നുവെച്ചാൽ: നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു.

അതുപോലെത്തന്നെ ദൈവം സംസാരിക്കുന്ന ഭാഗങ്ങളും തിരുവചനത്തിലുണ്ട്. പുറപ്പാട് 25 മുതൽ 40 വരെയുള്ള അദ്ധ്യായങ്ങൾ, ദൈവം മോശെയോടു പർവ്വതത്തിൽ വച്ച് സമാഗമന കൂടാരത്തിന്റെ പണിയെക്കുറിച്ചുള്ള സകല നിർദ്ദേശങ്ങളും പറഞ്ഞുകൊടുക്കുന്നു. കൂടാതെ ലേവ്യനിയമങ്ങൾ, ശത്രുക്കളോടു ഇടപെടേണ്ട രീതി എന്നുവേണ്ട ചെറിയത് എന്നു തോന്നുന്ന കാര്യങ്ങൾപ്പോലും ദൈവം മോശെയോടു സംസാരിച്ചു. ദൈവം സംസാരിച്ചതുപോലെ മോശെ പ്രവർത്തിച്ചു.

പുതിയനിയമത്തിലേക്ക് വരുമ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ സ്നാനസമയത്തും ദൈവം സംസാരിക്കുന്നത് കാണാം. 'ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനി ൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി' - മത്താ.3:17. അതുപോലെ മറുരൂപമലയിൽ വച്ച് 'അവൻ പറയുമ്പോൾ തന്നേ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു; മേഘത്തിൽനിന്നു: ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന്നു ചെവികൊടുപ്പിൻ എന്നു ഒരു ശബ്ദവും ഉണ്ടായി' മത്താ. 17:5.

മറ്റൊരു ഭാഗത്ത് കർത്താവും പിതാവാം ദൈവവും തമ്മിൽ സംസാരിക്കുന്നതായി കാണാം.

'ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? പിതാവേ, ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ; എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്ക് വന്നിരിക്കുന്നു. പിതാവേ നിന്റെ നാമത്തെ മഹത്വപ്പെടുത്തേണമേ. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നു;ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു; ഇനിയും മഹത്വപ്പെടുത്തും എന്നൊരു ശബ്ദം ഉണ്ടായി. അതു കേട്ടിട്ടു അരികെ നിൽക്കുന്ന പുരുഷാരം: ഇടി ഉണ്ടായി എന്നു പറഞ്ഞു. മറ്റു ചിലർ ഒരു ദൈവദൂതൻ അവനോടു സംസാരിച്ചു എന്നു പറഞ്ഞു. അതിന്നു യേശു: ഈ ശബ്ദം എന്റെ നിമിത്തമല്ല, നിങ്ങളുടെ നിമിത്തം അത്രേ ഉണ്ടായതു' യോഹ.12:27-30. ദൈവം മനുഷ്യരോട് നേരിട്ട് സംസാരിച്ചതിനു പുറമേ യേശു എന്ന വ്യക്തിയിൽക്കൂടിയും സംസാരിച്ചു.

# Heart+ Artist = "Heartist"






Anil Thomas

Dear Children

"Then Joseph could no longer control himself.... so he made himself known to his brothers. And he wept.... I am Joseph... Come close to me... Do not be distressed... Do not be angry with yourselves for selling me here..... God sent me ahead of you to preserve and save your lives by a great deliverance"(Genesis chapter 45) I like to call Joseph as a great "heartist". This is because "The Lord was with him (Genesis 39:2)

Just imagine yourself as Joseph and think "how do you react in such situation. When we are ready to forget and forgive, you become a heartist, become Jesus-like personality. Ask yourself, am I a good heartist to Jesus Christ in this earthly life? Am I a heartist for Jesus to dwell in me? Am I a heartist to my society?




You would not become a heartist by just acceptingJesus as your personal Saviour but we need make Christ to feel at home in your heart. Just to remember that He does not come into your heart as a guest, but as the rightful owner. He bought us with His blood. Jesus wants to move from room to room until every area of our lives is suitable for this dwelling place(rooms can be referred as your own action when you browse, at school or college, your behaviour towards friends and parents, away from parents etc., )

I earnestly request you to have an everlasting relation with Jesus in your heart, so that you become a heartist and the world will read youas a letter from Jesus Christ.

# മരണത്തിലേക്കുള്ള വഴിത്തിരിവ്

തിരശ്ശീല ക്കപ്പുറം... 2

മരണമില്ലാത്തവനായ് തുടരാനുള്ള എല്ലാ സാദ്ധ്യതകളോടും കൂടെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് എന്ന് വ്യക്തം. എന്നാൽ മരണം തിരഞ്ഞെടുത്തത് അഥവ ക്ഷണിച്ചു വരുത്തിയത് ദൈവമല്ല, മനുഷ്യൻ തന്നെയാണ്. ആത്മാവിന് വിധേയപ്പെട്ട് ദേഹിയിലൂടെ ദേഹത്തെ നിയന്ത്രിക്കണമെന്ന ദൈവീക പദ്ധതി പാപ പ്രവേശനത്തിലൂടെ തകിടം മറിഞ്ഞു. പാപം പ്രവേശിച്ചതോടെ അതുവരേയും ദേഹിയെ നിയന്ത്രിച്ചിരുന്ന ആത്മാവ് മരിച്ചു! ‘അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ചവരായ നാം‘ എന്ന് എഫെസ്യർ രണ്ടിൽ പൗലോസ് പറയുന്നത് തിന്ന നാളിലെ ആത്മാവിന്റെ മരണത്തെക്കുറിച്ചാണ്. അത്തരത്തിൽ ’മരിച്ച’ ആത്മാവുമായ് മനുഷ്യൻ ജനിക്കുമ്പോൾ പിന്നീട് ദേഹിയാണ് സർവ്വാധിപതിയായ് വാഴുന്നത്, ആത്മാവല്ല. ദേഹിയുടെതായ ഇച്ഛ, ബുദ്ധി, വികാരം എന്നിവ ആത്മാവിന്റെ നിയന്ത്രണമില്ലാതെ ദേഹത്തെ ഭരിക്കുന്നു അഥവ നിയന്ത്രിക്കുന്നു. തന്മൂലം ദൈവീക ചിന്തയറ്റവരായ് ദേഹിയുടെ സ്വേഛാധിപത്യത്തിന് വിധേയപ്പെട്ട് ദേഹം പ്രവർത്തിക്കുമ്പോൾ പാപം പെരുകുന്നു. പാപം കൊണ്ടുവന്ന കെടുതി എത്ര ഘോരമാണ്. ശാരീരിക മരണവും ആത്മീക മരണവും മനുഷ്യൻ അനുഭവിച്ചു.

## ’തിന്നുന്ന നാളിൽ’ – ആത്മീക മരണം ’പൊടിയിലേക്ക് തിരികെ ചേരും’ – ശാരീരിക മരണം

എല്ലാറ്റിന്മേലും വാഴാനുള്ള അധികാരവും നഷ്ടപ്പെട്ടു. ഈ വിധത്തിൽ മൂന്ന് നഷ്ടങ്ങൾ മനുഷ്യൻ സഹിക്കേണ്ടതായ് വന്നു. മനുഷ്യന്റെ അധികാരം, മനുഷ്യൻ തന്നെ സ്വഇഛയാൽ പിശാചിന് കൈമാറി. പിശാച് ലോകത്തിന്റെ പ്രഭുവായി. ഇത് മനുഷ്യൻ സ്വയം വരുത്തിവച്ച വിനയാണ്. ഇതിൽനിന്നും രക്ഷിക്കാനാണ് യേശുക്രിസ്തു ഭൂജാതനായ് ക്രൂശിൽ മരിച്ചടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നത്. അവനിൽ വിശ്വസിച്ചാൽ നിന്റെ ആത്മമരണം മാറും – ജീവൻ ലഭിക്കും. രണ്ടാം മരണവും മാറും – നിത്യജീവൻ ലഭിക്കും.

തിന്നുന്ന നാളിൽത്തന്നെ ശാരീരിക മരണവും സംഭവിച്ചോ എന്ന് ചോദിച്ചാൽ 2 പത്രോ.3:8 -ലെ ആയിരം സംവത്സരം ഒരു ദിവസം എന്ന കണക്ക് വച്ച് നോക്കിയാൽ ദൈവത്തിന്റെ ഒരു ദിവസം തികയുന്നതിന് മുമ്പ് 930–ാം വയസ്സിൽ ആദാം മരിച്ചതിനാൽ തിന്ന നാളിൽത്തന്നെ ആദാം മരിച്ചു എന്നൊരു വിശദീകരണവും ചിലർ നൽകുന്നുണ്ട്.

## ഇരു ലോകങ്ങളും ഇരു അംശങ്ങളും

ഭൗതീകലോകം, ആത്മീയ ലോകം എന്നിങ്ങനെയുള്ള രണ്ട് ലോകങ്ങൾക്കായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആയതിനാലാണ് മനുഷ്യന് ശരീരം എന്ന ഭൗമ അംശവും ദേഹി, ആത്മാവ് എന്ന അഭൗമ അംശവും ഉള്ളവനായ് സൃഷ്ടിക്കപ്പെട്ടത്. പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെ ചേരും. ആത്മാവ് അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് മടങ്ങിപ്പോകും. സഭാ.12:7 – ആത്മാവില്ലാത്ത ശരീരം നിർജ്ജീവമാണ്. യാക്കോ.2:26 – ദേഹം ഭൗമാംശവും, ദേഹി ജീവതത്ത്വവും, ആത്മാവ് വിവേകതത്ത്വവുമാണ്.

മനുഷ്യശരീരത്തെ കൂടാരമായി രൂപണം ചെയ്തിട്ടുണ്ട്. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം (2 കൊരി.5:1). മനുഷ്യകൂടാരത്തെ സമാഗമന കൂടാരത്തോട് സാദൃശ്യപ്പെടുത്തിയും പറയാറുണ്ട്. പ്രാകാരം, വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ ഉള്ളതുപോലെ മനുഷ്യൻ എന്ന കൂടാരത്തിനും ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് ഘടകങ്ങൾ ഉണ്ട്. വിശുദ്ധസ്ഥലം അതിവിശുദ്ധസ്ഥലം എന്നിവയിൽ നിന്ന് പ്രാകാരം വേർപ്പെട്ടിരിക്കുന്നതുപോലെ ദേഹി ആത്മാവ് എന്നിവയിൽ നിന്ന് ദേഹവും വേർപ്പെട്ടിരിക്കുന്നു. മരണസമയത്ത് ദേഹിയും ആത്മാവും ദേഹത്തെ ഉപേക്ഷിച്ച് യാത്ര ചെയ്യുന്നു. ഇനി ദേഹമാണ് ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പുനരുത്ഥാനം ചെയ്യുന്നത്.

## ആയുസ്സെത്ര ലഘു

രോഗബാധിതനായ് മരണത്തെ മാത്രം മുൻകണ്ട ഇയ്യോബ് തന്റെ രോഗാവസ്ഥയിൽ തന്നെ ഇരുന്നുകൊണ്ട് ’സ്ത്രീ പ്രസവിച്ച മനുഷ്യൻ അൽപ്പായുസ്സുള്ളവനാണെന്നും’ (14:1) ‘പൂപോലെ വിടർന്ന് പൊഴിഞ്ഞ് പോകുന്നുവെന്നും’ (14:2), ‘നില നി ൽക്കാത്ത നിഴൽ പോലെ ഓടി പോകുന്നു’ (14:2) എന്നും പറഞ്ഞു വെച്ചു. സ്വസുഹൃത്തിന്റെ മരണം കണ്ട് ദാവീദെഴുതിയ ചരമഗീതത്തിൽ ‘യഹോവേ, എന്റെ അവസാനത്തേയും എന്റെ ആയുസ്സ് എത്ര എന്നതിനേയും എന്നെ അറിയിക്കേണമേ, ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ‘ എന്നാണ് പ്രാർത്ഥിച്ചത് (സങ്കീ.39:4) ദൈവം തന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു എന്നും, തന്റെ ആയുസ്സ് ദൈവമുമ്പാകെ ഏതുമില്ലെന്നും തിരിച്ചറിഞ്ഞ ദാവീദ് (സങ്കീ.39:5)

ഏതു മനുഷ്യനും ഉറച്ചു നിന്നാൽ ഒരു ശ്വാസം മാത്രമാണെന്നും (സങ്കീ.39:5,11), വെറും നിഴലാണെന്നും മനുഷ്യ പരിശ്രമം വ്യർത്ഥമാണെന്നുമൊക്കെ പറയാൻ ധൈര്യം കാണിച്ചു (സങ്കീ.39:6). ഏറ്റവും അധികം ശവമടക്കത്തിന് സാക്ഷ്യം വഹിച്ച (ഏകദേശം 41 ശവമടക്കം ഒരു ദിവസത്തിൽ) മോശെ തന്റെ സഹോദരനായ അഹരോന്റെ മരണത്തോട് ചേർന്നെഴുതിയ 90–ാം സങ്കീർത്തനത്തിൽ ദൈവം മർത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു (സങ്കീ.90:3), ഒഴുക്കികളയുന്നു (സങ്കീ.90:5), മർത്യ ജീവിതം ഉറക്കം പോലേയും, രാവിലെ മുളച്ചു വരുന്ന പുല്ലുപോലെ, രാവിലെ തഴച്ചു വളർന്ന് വൈകുന്നേരം അരിഞ്ഞ് വാടിപ്പോകുന്നു എന്ന് പാടി (സങ്കീ.90:5,6).

ആയുഷ്ക്കാലം 70, ഏറെയായാൽ 80 എന്ന തിരിച്ചറിവിൽ നിന്നാണ് ‘ഞങ്ങൾ ജ്ഞാനമുള്ള ഹൃദയം പ്രാപിക്കതക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണാൻ ഞങ്ങളെ ഉപദേശിക്കേണമേ‘ എന്ന് മോശെ പ്രാർത്ഥിച്ചത് (സങ്കീ.90:12). 80 വയസ്സ് എന്ന് പറഞ്ഞാൽ 29200 ദിവസങ്ങൾ മാത്രം. 70 ആയാലോ, 25550 ദിവസങ്ങളേ ഉള്ളൂ. ഇതിൽ എത്രയോ ദിവസങ്ങൾ നമ്മളോരോരുത്തരും ജീവിച്ചു തീർത്തിരിക്കുന്നു. ഇനി ബാക്കി എത്രയുണ്ടെന്ന് ഒന്ന് കണക്കുനോക്കുന്നത് ജീവിതത്തെ ക്രമപ്പെടുത്താൻ ഉപകരിക്കും.



ജിജോ അങ്കമാലി

## ഗൃഹകാര്യം ക്രമത്തിലാക്കുക

മരിക്കത്തക്ക രോഗം പിടിച്ച ഹിസ്ക്കിയാവിന് യെശയ്യാവ് കൊടുത്ത ഒറ്റവരി ഉപദേശം ‘നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക‘(2 രാജാ.20:1) എന്നായിരുന്നു. മരിക്കുംമുമ്പേ ഗൃഹകാര്യം ക്രമത്തിലാക്കിയവനാണ് അഹിഥോഫെൽ (2 ശമു.17:23). എക്കാലത്തും ഏവരും ഓർത്തിരിക്കേണ്ട ജീവിത പ്രമാണമാണ് ‘ഗൃഹകാര്യം ക്രമത്തിലാക്കുക‘ എന്നത്. നമ്മുടെ ദൈവം ക്രമത്തിന്റെ ദൈവമാണ്. ക്രമംകെട്ട ഒരു ജീവിതം ദൈവത്തിന് പ്രസാദമായിരിക്കില്ല.

തിരശ്ശീലക്കപ്പുറത്തെക്കുറിച്ച് നാം കൂടുതലായ് ചിന്തിച്ചു തുടങ്ങുന്നതിനുമുമ്പ് തിരശ്ശീലക്കപ്പുറത്തേക്കു പോകാനുള്ള ഒരുക്കം നമ്മുടെ ഉൾത്തടങ്ങളിൽ വേരിറങ്ങാനാണ് മുകൾ ചിന്തകൾ കോറിയിട്ടത്. അത്തരത്തിൽ ഒരുങ്ങിയിരിക്കുന്നവർക്ക് മാത്രമേ നിര്യാണകാലമടുക്കുമ്പോൾ നല്ലപോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന് സംതൃപ്തിയോടെ പറഞ്ഞതിനുശേഷവും ’ഇനി’ എന്ന വാക്ക് ഉച്ചരിക്കാനാകൂ.

സമ്പൂർണ സഭയോട് പറഞ്ഞതുപോലെ ’മരണപര്യന്തം വിശ്വസ്തനായിരിക്ക’...കാരണം നിര്യാണകാലം അടുത്തു...വിശ്രമസ്ഥലം ഒരുക്കാൻ പോയ കർത്താവ് വരാറായി നമുക്കും ഗൃഹകാര്യം ക്രമപ്പെടുത്തി നമ്മുടെ നിത്യഗൃഹ പ്രവേശനത്തിനായ് ഒരുങ്ങാം...
നാളെ മുതലല്ല...ഇന്നു മുതൽ






# തൊഴുത്തു വെടിപ്പായി സൂക്ഷിക്കുന്നതിനു വേണ്ടി കാളയെ വളർത്താതിരുന്നാലോ ?



സണ്ണി തോമസ്
പുതുപ്പള്ളി

അമേരിക്കയിലെ മക്കൾ പണിയിപ്പിച്ചു കൊടുത്തതാണ് നാട്ടിൻ പുറത്തെ മനോഹരമായ വലിയ ഇരുനില വീട് "Grace Home". അഞ്ചു കിടക്കമുറി ഓൾ വിത്ത് അറ്റാച്ച്ഡ് ടോയ്ലെറ്റ്സ് ആൻഡ് ഹൈ എൻഡ് ഫിറ്റിങ്ങ്സ്. അപ്പച്ചനും അമ്മച്ചിക്കും പ്രത്യേകം മുറിയും അതിനോടു ചേർന്ന സൗകര്യങ്ങളും. പക്ഷേ വളരെ ബുദ്ധിമുട്ടിയാണെങ്കിലും അപ്പച്ചനും അമ്മച്ചിയും ഇപ്പോഴും തങ്ങൾ പണ്ടു പഴയ വീടിനു പുറകിൽ പണിത ടോയിലെറ്റ് ആണു ഉപയോഗിക്കുന്നത്. മറ്റൊന്നും കൊണ്ടല്ല, മക്കൾ അനുവദിക്കാത്തതുകൊണ്ടുമല്ല, അറ്റാച്ചിടു ടോയിലെറ്റ് വെടിപ്പായി കിടക്കട്ടെ എന്നു കരുതി അത്ര മാത്രം. അല്ല, ഈ വയസ്സാംകാലത്തു അപ്പച്ചന്റേയും അമ്മച്ചിയുടേയും ഒരു കാര്യമേ!



ശലോമോൻ പറയുന്നതിൽ കാര്യമുണ്ട്. ‘കാളകൾ ഇല്ലാത്തേടത്തു തൊഴുത്തു വെടിപ്പുള്ളതു; കാളയുടെ ശക്തികൊണ്ടോ വളരെ ആദായം ഉണ്ടുതാനും‘. തൊഴുത്തിന്റെ വെടിപ്പാണോ കാളയുടെ ആദായമാണോ ലക്ഷ്യം. തൊഴുത്തിന്റെ വെടിപ്പാണ് ലക്ഷ്യമെങ്കിൽ കാളയെ വേണ്ടന്നു വയ്ക്കാം. പക്ഷേ തൊഴുത്തെന്തിനു എന്ന ചോദ്യം സ്വാഭാവികം. കാളയുടെ ആദായമാണ് ലക്ഷ്യമെങ്കിൽ തൊഴുത്തിന്റെ വെടിപ്പു കുറയും, അതും സ്വാഭാവികം. ചിലർ വലിയ തൊഴുത്തു പണിതു വെടിപ്പായി സൂക്ഷിക്കുന്നു. തൊഴുത്തുകൊണ്ടു വാസ്തവത്തിലുള്ള പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുള്ളതു വിഷയമല്ല. കോടികൾ മുടക്കി പണിത മന്ദിരങ്ങൾ തറവാടിന്റെ അഭിമാനസ്തംഭങ്ങളായി പാതയോരത്തു തല ഉയർത്തിനിൽക്കുന്നു. ഗുണത്തേക്കാളേറെ അതു വരുത്തി വെയ്ക്കുന്ന ദോഷം പ്രവാസി വിശ്വാസികൾക്കു നല്ലവണ്ണം അറിയാമെങ്കിലും തൊഴുത്തു പണി ഇപ്പോഴും തുടരുന്നു, കാളകളില്ലാത്തതുകൊണ്ട് വെടിപ്പായി കിടക്കുന്നുണ്ട്. ഇതിൽ നാം കൊള്ളരുതാത്ത ദാസനോ അതോ വിശ്വസ്തനോ ? Are we missing the goal ? നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപം തന്നേ. വീട് അലങ്കോലമാകും എന്നു വിചാരിച്ചു ഭവനയോഗം നടത്താത്തവർ, അതിഥികളെ സ്വീകരിക്കുവാൻ മടിക്കുന്നവർ, കുട്ടികൾ പോലും വെണ്ടന്നു വെയ്ക്കുന്നവർ ഈ തലമുറയിൽ ഉണ്ടു. കാർപെറ്റ് മുഷിയും എന്നു വിചാരിച്ചു വിശ്വാസികളെ കയറ്റാത്ത പള്ളികൾ, മറ്റുള്ളവർ വിമർശിക്കുമോ, അഭിമാനത്തിന്നു കോട്ടം തട്ടുമോ എന്നുള്ള ഭയത്താൽ നിഷ്ക്രിയരായവർ. രാജാവു നഗ്നനാണന്നു പറയാൻ ഭയക്കുന്ന സേവകർ, അച്ചന്റെ സ്നേഹം നഷ്ടപ്പെടുമോ എന്നു ഭയന്നു പ്രതികരിക്കാത്ത കപ്യാര്, പിള്ളേരുടെ ഏറു കിട്ടുമോ എന്ന ഭയത്താൽ കായ്ക്കാതെ ഇടഉതിർന്ന ഇലകളുമായി നിൽക്കുന്ന മാവിനെപ്പോലെ, കന്നുകാലികൾ ഇല്ലാത്ത തൊഴുത്തു വെറും കാഴ്ചക്കും പേരിന്നും പൊങ്ങച്ചത്തിനും മാത്രം. മനുഷ്യരുടെ പ്രശംസക്കായിട്ടല്ല ദൈവത്തെ പ്രീതിപ്പെടുത്തുന്നവരായിരിപ്പീൻ. ഫലം കായ്ക്കുന്നവരായും ഇരിപ്പീൻ.

കാളകളുടെ ആദായം മാത്രമാണ് ചിലർക്കു ചിന്ത. അവർ തൊഴുത്തിന്റെ വെടിപ്പും, കാളകളുടെ സൗഖ്യവും നോക്കാറില്ല. അമിതമായ ഭാരം അടിച്ചേൽപ്പിക്കും. നിന്റെ ആടുകളുടെ അവസ്ഥ അറിവാൻ ജാഗ്രതയായിരിക്ക; നിന്റെ കന്നുകാലികളിൽ നന്നായി ദൃഷ്ടിവെക്കുക. നീതിമാൻ തന്റെ മൃഗത്തിന്റെ പ്രാണാനുഭവം അറിയുന്നു; ദുഷ്ടന്മാരുടെ ഉള്ളമോ ക്രൂരമത്രെ. ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണവുംകൂടെ നോക്കേണം.

പുല്ലിന്റെ അവശിഷ്ടങ്ങളും ചാണകവും ഒക്കെ തൊഴുത്തിന്റെ ഭാഗമാണു. കഷ്ടവും നഷ്ടവും നിന്ദയും ഒറ്റപ്പെടുത്തലും ഒക്കെ ക്രിസ്ത്യാനിയുടെ കൂടെപ്പിറപ്പാണ്. പക്ഷേ അതും ഒരു ആദായമാക്കി മാറ്റാം. ക്രിസ്തുവിന്റ കഷ്ടങ്ങൾക്കു പങ്കുള്ളരാകുന്തോറും, തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുന്തോറും സന്തോഷിക്കാം, അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. സ്വർഗത്തിൽ പ്രതിഫലം വലുതാണ്. Encash sufferings of this world with heavenly rewards. ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു സകലവും നന്മയ്ക്കായി പരിണമിക്കുന്നു.

തൊഴുത്തു വേണം, തൊഴുത്തിൽ കാളകൾ വേണം, തൊഴുത്തിന്നു ന്യായമായ വെടിപ്പു വേണം, ആദായവും വേണം. എല്ലാം ഒന്നിച്ചുനേടുന്നതാണ് മിടുക്ക്. എല്ലാ തൊഴിലും കൊണ്ടു ലാഭം വരും, പുറംമോടികൊണ്ടും വാചകമടികൊണ്ടും ഞെരുക്കമേ വരൂ. മാന്യഭാവം നടിച്ചിട്ടും ഉപജീവനത്തിന്നു മുട്ടുള്ളവനേക്കാൾ ലഘുവായി മതിക്കപ്പെട്ടിട്ടും ഒരു ഭൃത്യൻ ഉള്ളവൻ ശ്രേഷ്ഠൻ ആകുന്നു.

നിലം ഉഴാനും കറ്റ മെതിക്കാനും കാളകൾ വേണം. കാളകൾ അദ്ധ്വാനിച്ചാൽ കളപ്പുരകൾ നിറയും. ഇല്ലാ എങ്കിൽ കളപ്പുരകൾ വെടിപ്പുള്ളതായി അഥവാ കാലിയായി കിടക്കും. കാളകൾ ഇറങ്ങട്ടെ ഉഴവും നടീലും കൊയ്ത്തും മെതിയും ഒക്കേ തകൃതിയായി നടക്കട്ടെ. കളപ്പുര ആത്മാക്കളാൽ നിറയട്ടെ.

"Where there are no oxen, the manger is clean, but abundant crops come by the strength of an ox" (Proverbs 14:4).

## GREEK Vocabulary



Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | θεραπεύω | therapeuō | I heal | Matthew 10:1 |
| 2 | ἀκουω | akouō | I hear | Matthew 10:27 |
| 3 | ἀποστελλω | apostellō | I send | Matthew 10:5 |
| 4 | καλεω | kaleō | I call | Matthew 2:7 |
| 5 | κηρυσσω | kērussō | I proclaim | Matthew 10:27 |

## COMMAND & PROMISE OF THE MONTH

### COMMAND

*റോമർ 14:13*

***അതുകൊണ്ടു നാം അന്യോന്യം വിധിക്കരുത്; സഹോദരന്നു ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറച്ചുകൊൾവിൻ.***

### PROMISE

*എഫെസ്യർ 2:1*

***അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളേയും അവൻ ഉയിർപ്പിച്ചു.***

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

**ഗാനം: വാഴ്ത്തുമെന്നും പരമേശനെ**

**രചന: സി.റ്റി.മത്തായി, വാളകം**

1893-ൽ ഇടയാറന്മുളയിലെ ചഞ്ചാപ്ലാമൂട്ടിൽ ഭവനത്തിൽ ജനിച്ച അനുഗ്രഹീത ദൈവദാസനായിരുന്നു സി.റ്റി. മത്തായിച്ചൻ വാളകം. ആദ്യ കാലങ്ങളിൽ താൻ ഒരു സുവിശേഷവിരോധിയായിരുന്നു. മാത്രമല്ല ദൈവദാസന്മാരെ ഉപദ്രവിക്കുകയും ചെയ്തിരുന്നു. എന്നാൽ ദമസ്കൊസിന്റെ പടിവാതിൽക്കൽ വച്ചു അപ്പൊസ്തൊലനായ പൗലോസിനെ പിടിച്ച യേശു പ്രിയ കർത്തൃദാസനേയും പിടിക്കുവാൻ ഇടയായി. അങ്ങനെ കർത്താവിനെ അറിഞ്ഞ ദൈവദാസൻ സുവിശേഷത്തിന്റെ വ്യാപനത്തിനുവേണ്ടി കേരളത്തിൽ ഉടനീളം സഞ്ചരിച്ചു. അങ്ങനെ താൻ എറണാകുളം ജില്ലയിലെ വാളകത്തു വന്നു. അവിടെയുള്ള ബ്രദറൻ ആരാധനാലയത്തിനടുത്തുള്ള ഒരു ചെറിയ വീട്ടിൽ താമസം ആരംഭിച്ചു. വളരെ ദാരിദ്ര്യം നിറഞ്ഞ ഒരു ജീവിതമായിരുന്നു ദൈവദാസന്റേതു. എങ്കിലും താനും കുടുംബവും ഏറെ സന്തുഷ്ടരായിരുന്നു. ജീവിതത്തിൽ ഒരേ



സി.റ്റി.മത്തായി, വാളകം

ഒരു ലക്ഷ്യം മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. തങ്ങളെ വീണ്ടെടുത്ത യേശുവിനെ ഉയർത്തിക്കാണിക്കണം.

ഒരു ദിവസം ആ ഭവനം പട്ടിണിയുടെ അവസ്ഥയിൽ കടന്നുപോയി, ചില ദിവസങ്ങൾ അങ്ങനെ കടന്നുപോയി. കുഞ്ഞുങ്ങളുടെ ദയനീയമായ മുഖം പലപ്പോഴും മത്തായിച്ചനു വിഷമങ്ങൾ ഉളവാക്കി. എങ്കിലും പ്രത്യാശ കൈവിടാതെ ആ ക്രൂശിന്റെ പോരാളി പ്രാർത്ഥനയിൽ ചിലവഴിച്ചു. ആ സമയത്താണ് ആരാധനാലയത്തിന്റെ മുൻവശത്തു നിന്നിരുന്ന പയറിന്റെ ഇല തന്റെ ശ്രദ്ധയിൽപ്പെട്ടത്. ഭാര്യയെ വിളിച്ചു അതിന്റെ ഇല പറിച്ചു വേവിച്ചു കുഞ്ഞുങ്ങൾക്ക് കൊടുക്കാൻ ആവശ്യപ്പെട്ടു. താൻ വീണ്ടും മുട്ടിന്മേൽ നിന്ന് തന്റെ ഹൃദയം ദൈവസന്നിധിയിൽ പകരാൻ തുടങ്ങി. അപ്പോൾ ഒരു സൈക്കിളിന്റെ മണിക്കേട്ടു, അത് പോസ്റ്റ്മാൻ ആയിരുന്നു. പത്തു രൂപയുടെ മണി ഓർഡർ ആയിരുന്നു അത്. ദൈവദാസന്റെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ ഇറ്റിറ്റു വീഴുവാൻ തുടങ്ങി. നന്ദിനിറഞ്ഞ ഹൃദയത്തോടെ ദൈവസന്നിധിയിൽ ചിലവഴിച്ച കർത്തൃദാസന്റെ ഹൃദയത്തിൽ നിന്നും ചില പുതിയ വരികൾ പുറത്തേക്കു വരുവാൻ തുടങ്ങി. അതിങ്ങനെയായിരുന്നു,

ബാലസിംഹങ്ങൾ കരയുന്നു  
വിശക്കവേ തൻ ബാലകരോ  
പാട്ടുപാടുന്നു  
പാലനമവർക്കു സാലേം  
നാഥനെന്നറിഞ്ഞിരിക്കെ  
മേലിനിയവർക്കു ലവലേശവും  
ആകുലമില്ല.



ജെയ്സൺ ജേക്കബ് ജോയ്

പ്രിയ ദൈവജനമേ ഈ ഗാനമാണ് നാമെല്ലാം പാടി സന്തോഷിക്കുന്ന വാഴ്ത്തുമെന്നും പരമേശനെ അവന്റെ സ്തുതി ക്ഷാമ കാലത്തു ക്ഷേമമായി... കാക്കയെ കൊണ്ടു തന്റെ ദാസനായ ഏലിയാവിനെ പോറ്റിയ ദൈവം ഇന്നും ജീവിക്കുന്നു എന്നതിന് ഈ ഗാനം സാക്ഷ്യം വഹിക്കുന്നു. ആയതിനാൽ പ്രിയപ്പെട്ടവരെ ദൈവത്തെ സ്നേഹിക്കുന്ന തന്റെ മക്കളെ ഒന്നിനും കുറവ് വരുത്താതെ സ്നേഹിക്കുന്ന ആ നല്ല കർത്താവിൽ നമുക്ക് ആശ്രയം വയ്ക്കാം. അതിനായി ഈ ഗാനം നമ്മെ സഹായിക്കട്ടെ!

# Fruit: An Evidence of Saving Faith!



*(Continued from Issue# 10)*

What is different about our life? Have we ceased to be obedient? Are we still trusting God in all our things? Has some other activity taken our time and attention away from Jesus? As soon as we discover the difference, we can take immediate steps to repent of our sin and restore our relationship with our Father and our Lord Jesus.

Secondly, the fruit we bear is not only a test for the presence of the Holy Spirit within us, but also a test for false spirits. Jesus said: "Beware of false prophets, who come to you in sheep's clothing, but inwardly they are ravenous wolves. You will know them by their fruits. Do men gather grapes from thornbushes or figs from thistles? Even so, every good tree bears good fruit, but a bad tree bears bad fruit. A good tree cannot bear bad fruit, nor can a bad tree bear good fruit. Every tree that does not bear good fruit is cut down and thrown into the fire. Therefore by their fruits you will know them" (Matt. 7:15-20).

Again in this passage, note that the tree with bad fruit was cut down and thrown into the fire. There is both good fruit and bad fruit. The good fruit (of the Spirit) identifies the person who is filled with the Spirit; bad fruit identifies those who are not of the Spirit and not of the kingdom of God. What is bad fruit? Paul explains: "Now the works of the flesh are evident, which are: adultery, fornication, uncleanness, lewdness, idolatry, sorcery, hatred, contentions, jealousies, outbursts of wrath, selfish ambitions, dissensions, heresies, envy, murders, drunkenness, revelries, and the like; of which I tell you beforehand, just as I also told you in time past, that those who practice such things will not inherit the kingdom of God" (Gal. 5:19-21).

How about hatred, jealousies, selfish ambitions, factions and envy? Aren't all those ones that can be hidden from others? If we would belong to Jesus, if we would have salvation, if we would have the Holy Spirit and the fruit of the Spirit, we must rid ourselves of such bad fruit. But we can't just get rid of it, because it comes from a bad tree. What then must we do? That tree (our old sinful nature) must die. We can be born again as a new creation when we commit to receive and obey Jesus as our Lord. Then God Himself will become our Father and we will be indwelled by the Holy Spirit. As a new creation we will be new trees bearing good fruit.

## Three Judges of our Fruit

There are three judges of the fruit in our lives. One is God who sees the heart. He sees even the motives behind our actions (1 Cor. 4:5). Nothing can be hidden from God.

We also judge the fruit in ourselves. If we harbour secret sins, we can hide them from most people, but we are always aware of them. We know how we really feel. If we have secret sins, we feel like a hypocrite when faced with a compelling sermon or the convicting Word of God.

The third judges are those who know us best, our children, our spouses, who see our private lives. How many children have rejected the Lord because a parent is a hypocrite? How many spouses reject the Lord because of the bad fruit in their spouse's life? Consider the many who refuse any association with the church because of the hypocrites who attend. Hypocrite equals bad fruit.

This isn't a casual matter, not something to be excused by saying that "Nobody is perfect." It is not a case of having a happy or unhappy life; it is a case of having or not having salvation. Paul warns that those who bear bad fruit will not inherit the kingdom of God (Gal. 5:21; Rom. 7:4-5; Rom. 6:21).

## Purposes of Fruit in a Believer's Life

Jesus said, "By this My Father is glorified, that you bear much fruit; so you will be My disciples" (John 15:8). Jesus disclosed two purposes for bearing fruit. The first is giving glory to God. Jesus also said, "Let your light so shine before men, that they may see your good works and glorify your Father in heaven" (Matt. 5:16). Our light shines before people when we bear fruit. When



Rev. Georgy Mathew Alexios

people praise God because of our good deeds, that brings glory to God.

The second purpose is that we show that we are disciples of Jesus. Jesus also said, "By this all will know that you are My disciples, if you have love for one another" (John 13:35). Expressing genuine love for one another will show that we are bearing fruit since in Gal. 5:22, it is said that love is a fruit of the Spirit.

There is also another purpose. When we have the fruit of the Spirit in our lives, we truly have the abundant life. Humanity craves nothing more than love, peace, and joy. If a person has those, he is fulfilled. He no longer needs to strive for money, fame, status, bigger houses, or better jobs. True love, peace that surpasses all understanding, and inexpressible joy are found only when the Spirit of the Lord Jesus Christ indwells those who receive and obey Jesus as Lord.

*(Will be continued)*

ഭാരത സുവിശേഷകരുടെ ശബ്ദം

സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

8

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം...

ദൈവസ്നേഹം രാജ്യങ്ങളും പട്ടണങ്ങളും ഗ്രാമങ്ങളും കടന്നു ആരും ചെല്ലുവാൻ ആഗ്രഹിക്കാത്ത സ്ഥലത്ത് എത്തും എന്നുള്ളത് ഇന്നു നാം പരിചയപ്പെടുന്ന ഈ കർത്തൃദാസന്റെ സാക്ഷ്യത്തിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കും.



പാസ്റ്റർ പുരൻലാൽ മസി

ഉത്തർപ്രദേശിന്റേയും ഉത്തരാഞ്ചലിന്റേയും ബോർഡർ ആയ 'ഫിലിപ്പിത്ത്' എന്ന ഉൾഗ്രാമത്തിൽ ജനിച്ചു വളർത്തപ്പെട്ട ഒരു വ്യക്തിയാണ് പാസ്റ്റർ പുരൻലാൽ മസി. ആദിവാസികൾ തിങ്ങിപ്പാർക്കുന്നതും അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഉരുക്കുകോട്ടയാണ് ഇവിടുള്ള ഗ്രാമങ്ങൾ. കല്ലുകളേയും മരങ്ങളേയും അകമഴിഞ്ഞു ആരാധിക്കുന്ന ഒരു സമൂഹം. ദുർമന്ത്രവാദങ്ങളും കുടിയിരുപ്പുകളും നിറഞ്ഞ ഗ്രാമങ്ങൾ. ഇവിടുന്ന് ഒരു വ്യക്തി ദൈവസ്നേഹം തിരിച്ചറിയണമെങ്കിൽ ദൈവം സ്നേഹിക്കുന്നതുകൊണ്ട് മാത്രമാണ്.

പാപത്താലും ദുഷ്ടതയാലും നിറയപ്പെട്ട ഒരു സമൂഹത്തിന്റെ ഇടയിൽ ഒരു ഹൈന്ദവകുടുംബത്തിൽ ജനിക്കുവാൻ ഇടയായി. വളർന്നുവന്ന സാഹചര്യവും ചുറ്റുപാടും തന്നെ പാപത്തിലേക്ക് തള്ളിവിട്ടു. വളരുംതോറും താനും മയക്കുമരുന്നിനും മദ്യപാനത്തിനും അടിമയായിത്തീർന്നു. അന്യദൈവങ്ങളെ ഭജിച്ചതുകൊണ്ട് തന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെട്ടു. ദിവസങ്ങൾ കഴിയുംതോറും തന്റെ സ്വഭാവത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ കണ്ടു മാതാപിതാക്കൾ പരിഭ്രാന്തരായി. കാരണം മുൻകോപവും മതത്തിനു വേണ്ടി എന്തും ചെയ്യുവാനുള്ള തീഷ്ണതയും തന്നിൽ ഉടലെടുത്തു. ഇതുമൂലം പൈശാചികബാധിതനായി ഒരു പ്രത്യേക സ്വഭാവത്തിനടിമയായി. ഈ സ്വഭാവവും ദുഷ്ടാത്മാവും വിട്ടുപോകുന്നതിനുവേണ്ടി നേർച്ചകളും മന്ത്രവാദങ്ങളും ചെയ്തിട്ടും ഒരു വ്യത്യാസവും ഉണ്ടായില്ല. ഇതിനിടയിൽ വിവാഹവും നടന്നു.

ഒരു ദിവസം താൻ ഒരു സ്ഥലത്തേക്ക് യാത്ര ചെയ്യുമ്പോൾ ഒരു വീട്ടിൽ പ്രാർത്ഥന നടക്കുന്നത് കാണുവാനിടയായി. ഇതു ശ്രദ്ധിച്ച തനിക്ക് തന്നിൽ എന്തോ വ്യത്യാസം വരുന്നതുപോലെ തോന്നി. ചില ദിവസങ്ങൾ നിരന്തരമായി അവിടെ കടന്നുചെല്ലുകയും മനസിനു ശാന്തിയും സന്തോഷവും ലഭിച്ചു. ഒരു ദിവസം അവിടെ കടന്നുവന്ന ഒരു സ്ത്രീയിൽ നിന്ന് ദുഷ്ടാത്മാവ് വിട്ടുപോകുന്നത് താൻ ശ്രദ്ധിച്ചു. തനിക്കും ഇതിൽനിന്നും ഒരു വിടുതൽ ആവശ്യമാണെന്ന് മനസിലാക്കി അവിടെയുണ്ടായിരുന്ന ദൈവദാസനെകൊണ്ട് പ്രാർത്ഥിപ്പിക്കുകയും വർഷങ്ങളായി തന്നിൽ കുടിയിരുന്ന ദുഷ്ടാത്മാക്കൾ വിട്ടുപോകയും ക്രിസ്തുവിനാൽ താൻ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു. തന്നിൽ ഉണ്ടായ മാറ്റവും സന്തോഷവും തിരിച്ചറിഞ്ഞ തന്റെ കുടുംബവും തന്നോടൊപ്പം ഈ പ്രാർത്ഥനാ കൂട്ടായ്മയിൽ സംബന്ധിക്കുവാനിടയായി. തുടർന്നു താൻ യേശുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് കുടുംബത്തോടൊപ്പം സ്നാനമേറ്റു. നിരന്തര പ്രാർത്ഥനയിലും ഉപവാസത്തിന്റേയും ഫലമായി കർത്താവിന്റെ വേല അനാചാരങ്ങളും അന്ധവിശ്വാസങ്ങളാലും നിറയപ്പെട്ട തന്റെ ഗ്രാമത്തിലും അതിനോടു ചേർന്നു കിടക്കുന്ന ഗ്രാമങ്ങളിലും ചെയ്യുവാൻ ദൈവത്തിന്റെ ആത്മാവ് തന്നോടു സംസാരിക്കുകയും അനന്തരം ചില വർഷങ്ങൾ വചനം പഠിക്കുകയും തുടർന്നു താൻ ഇപ്പോൾ തന്റെ സ്വന്തഗ്രാമത്തിൽ പ്രവർത്തനം ആരംഭിക്കുകയും ഏകദേശം 30 പേരോളം ആരാധനയ്ക്കായി കടന്നു വരുന്നു. മാത്രമല്ല അതിനോട് ചേർന്ന മൂന്നു ഗ്രാമങ്ങളിലും യേശുവിനെ അറിയിച്ചുകൊണ്ടിരിക്കുന്നു. പല എതിർപ്പുകളും ഉണ്ട്. ഭാര്യയും മൂന്നു മക്കളും ഉണ്ട്. ഇപ്പോൾ എലീം ഗോസ്പൽ മിനിസ്ട്രിയുടെ കൂടെ കർത്താവിന്റെ വേല ചെയ്യുന്നു. അവർക്കു സ്വന്തമായി ആരാധനാലയം ആവശ്യമാണ്. പ്രാർത്ഥനയിൽ ഓർക്കുക.



പാസ്റ്റർ സുജിത്ത് പി. ജോസഫ്
ഡൽഹി



ജിജു, പുനലൂർ

HH Rhythm

എന്റെ ഹൃദയത്തെ അറിയുന്ന ദൈവം
എന്നെ ശോധന ചെയ്യുന്ന ദൈവം (2)
യാഹ് എൻ ദൈവം എന്റെ പരിപാലകൻ
മയങ്ങാത്ത ഉറങ്ങാത്ത പരിപാലകൻ (2)

സ്വന്ത സഹോദരർ തള്ളികളഞ്ഞാലും
പൊട്ടകുഴിയിൽ ഞാൻ തള്ളപ്പെട്ടാലും (2)
അന്യദേശത്തെന്നെ വിറ്റുകളഞ്ഞാലും
യാഹ് എന്റെ ദൈവം എൻ പരിപാലകൻ (2)

നീറുന്ന ഹൃദയത്താൽ വിങ്ങി കരഞ്ഞപ്പോൾ
ആരോരുമില്ലാതെ ഏകനായ് തീർന്നപ്പോൾ (2)
കരുണയിൻ കരങ്ങളാൽ കണ്ണുനീർ ഒപ്പുന്ന
യാഹ് എന്റെ ദൈവം എൻ പരിപാലകൻ (2)

ആശ്രയം കർത്തനിൽ ആണെങ്കിലെന്നെ
ആരാലും തകർക്കുവാൻ സാദ്ധ്യമല്ല (2)
യോസേഫിൻ ജീവിതം സാക്ഷ്യമതാണല്ലോ
യാഹ് എന്റെ ദൈവത്തിൽ ആശ്രയിക്കാം (2)



BMCC

ബഹറിൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ (ബിഎംസിസി) കമ്മിറ്റി മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ട

**ഷാജി സി തോമസ്,**

ഇമ്മാനുവേൽ ഐപിസി, ബഹറിൻ




# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി 8



രാജൻ തോമസ്

ആധുനികത തുടക്കം കുറിച്ച നവോത്ഥാനവും നവീകരണവും, വ്യവസായ വിപ്ലവുമെല്ലാം ആരംഭിച്ചത് യൂറോപ്പിലാണ്. 14–ാം നൂറ്റാണ്ട് മുതൽ യുറോപ്പിലാരംഭിച്ച സംഘയാത്രകളും (Expeditions) അതിനെ തുടർന്നുണ്ടായ കുടിയേറ്റ വികസനങ്ങളും (Colonialisation) യൂറോപ്പിൽ ആരംഭിച്ച്, ആഫ്രിക്കൻ, ഏഷ്യൻ ഭൂഖണ്ഡങ്ങളിലേക്ക് വ്യാപിച്ചു.

സർഗ്ഗവാസനയും, ക്രിയാത്മകതയും, നിർമ്മാണികതയും, എല്ലാം ഒത്തിണങ്ങിയ വിവിധോന്മുഖരായ പ്രതിഭകളെ സൃഷ്ടിക്കാൻ യാഫേത്യ സന്തതികൾക്ക് കഴിഞ്ഞുവെന്നതാണ് മറ്റൊരു നേട്ടം.

മാറ്റങ്ങളുടെ നൂറ്റാണ്ടായിരുന്ന 20–ാം നൂറ്റാണ്ടിൽ നടന്ന വാനനിരീക്ഷണങ്ങൾ, അണുവിപ്ലവങ്ങൾ, വിവിധ സാങ്കേതികവിദ്യകൾ, ഇവക്കെല്ലാം തുടക്കം കുറിച്ചത് യൂറോപ്പിലും, അമേരിക്കയിലും, റഷ്യയിലും മറ്റുമാണെന്നോർക്കണം.

‘‘ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കും” എന്ന പ്രവചനത്തെ നിവൃത്തികരിച്ചുകൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് യാഫേത്യ സന്തതികൾ പടർന്നു പന്തലിച്ചു, എന്നു മാത്രമല്ല, ലോകത്തെ സമൃദ്ധിയിലേക്കും, ആധുനികതയിലേക്കും നയിക്കുവാൻ യാഫേത്യ സന്തതികൾ ഉപയോഗിതമായി.


## നോഹയുടെ നാലാമത്തെ പ്രവചനം – യാഫേത്ത് ശേമിന്റെ കൂടാരത്തിൽ വസിക്കും

കൂടാരത്തിൽ വസിക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്, സ്നേഹ സൗഹൃദത്തിൽ തുടരുക എന്ന അർത്ഥമാണ്. (ശേമിന്റെ സന്തതികൾ പാർക്കുന്ന സ്ഥലങ്ങളിൽ വസിക്കും, ജോലിചെയ്യും, വ്യാപാര ബന്ധത്തിലേർപ്പെടും, നിയന്ത്രിക്കും, ആകർഷിക്കപ്പെടും എന്നല്ലാം അർത്ഥമെടുക്കാം) ചരിത്രം പരിശോധിച്ചാൽ ഇന്റോ-യുറോപ്പും ഹാമിന്റെ സന്തതി പരമ്പരയിൽപെട്ടവരും തമ്മിൽ എന്നും സംഘട്ടനങ്ങളും യുദ്ധങ്ങളും നടന്നിരുന്നു. യിസ്രായേൽ തന്നെ ചുറ്റുമുള്ള ഹാമ്യ സന്തതി പരമ്പരകളുമായി ധാരാളം യുദ്ധങ്ങളിൽ ഏർപ്പെട്ടുപോന്നു. പക്ഷെ ഇന്റോ- യൂറോപ്പും ശേമിന്റെ സന്തതികളായ അറബി-യിസ്രയേൽ വർഗ്ഗങ്ങളും പൊതുവെ സൗഹാർദ്ദതയിൽ കഴിഞ്ഞിരുന്നുവെന്ന് ചരിത്രം പറയുന്നു.

